നടപടികൾ പൂർത്തിയാക്കി ഡിസംബർ മാസത്തോടുകൂടി സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ (CGD) പദ്ധതിക്കുള്ള അനുമതി PNGRB-യിൽനിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ FACT-യുടെ പ്രവർത്തനം 2013 ഒക്ടോബർ മാസത്തോടുകൂടി നാഫ്തയിൽ നിന്നും LNG-യിലേക്ക് മാറുകയുണ്ടായി. LNG-യുടെ വില ക്രമാതീതമായി ഉയർന്നതിനെത്തുടർന്ന് LNG ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ 2014 ജനുവരി മാസത്തോടുകൂടി FACT നിർത്തുകയുണ്ടായി. LNG-യുടെ വില കൂടുതൽ കാരണം ഇപ്പോൾ ഇറക്കുമതി ചെയ്യുന്ന അമോണിയ ഉപയോഗിച്ചാണ് FACT പ്രവർത്തനം നടത്തുന്നത്. ഇതുകാരണം കമ്പനിയുടെ 70% പ്രവർത്തന ക്ഷമത മാത്രമേ കൈവരിക്കാൻ കഴിയുന്നുള്ളൂ. മാത്രമല്ല, ഇതുമൂലം സംസ്ഥാനത്ത് രാസവളത്തിന്റെ ലഭ്യത വളരെ കുറഞ്ഞിരിക്കുകയുമാണ്. ഈ വസ്തുതകൾ പരിഗണിച്ച് LNG അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി FACT വാങ്ങുന്ന LNG-യ്ക്ക് KVAT ഒഴിവാക്കി നൽകുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന (re-gasification) LNG-യ്ക്ക് മുഴുവനായി VAT ഒഴിവാക്കുക എന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഭൂഗർഭ കേബിളുകൾവഴി വൈദ്യുതി വിതരണം

20(*50) <u>ശ്രീ. എ. എ. അസീസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണത്തിനായി ഭൂഗർഭ കേബിൾ സംവിധാനം നടപ്പിലാക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഭൂഗർഭ കേബിളുകളുടെ ഉപയോഗം പ്രസരണ നഷ്ടത്തെ കുറയ്ക്കുമോ എന്ന് വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>) :

(എ) ഉണ്ട്. സംസ്ഥാനത്ത് ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 846 കിലോ മീറ്റർ പുതിയ 11 കെ.വി. XLPE ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കി

LIBRARY ARCHIVES Kerala Legislative Assembly

വരുന്നു. ഇതുകൂടാതെ 515 കിലോമീറ്റർ പഴയ 11 കെ.വി. ഓവർ ഹെഡ് ലൈൻ മാറ്റി പുതിയ 11 കെ.വി. XLPE ഭൂഗർഭ കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ നാളിതുവരെ 158 കിലോമീറ്റർ പുതിയ 11 കെ.വി. XLPE ഭൂഗർഭ കേബിളും 4 കിലോമീറ്റർ പഴയ 11 കെ.വി. ഓവർഹെഡ് ലൈൻ മാറ്റി പുതിയ 11 കെ.വി. ഭൂഗർഭ കേബിളും സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഭൂഗർഭ കേബിളുകളുടെ ഉപയോഗംകൊണ്ട് പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കുവാൻ സാധിക്കും. കേബിളിൽ കപ്പാസിറ്റൻസ് ഉള്ളതിനാൽ സബ്സ്റ്റേഷനിൽനിന്നും വിതരണം ചെയ്യുന്ന വോൾട്ടേജിൽ കുറവ് വരുന്നില്ല. ഇതു കാരണം ഉപഭോക്താവിന് ഗുണമേന്മയുള്ള വൈദ്യുതി ലഭിക്കുന്നതാണ്. 11 കെ.വി. ഓവർഹെഡ് ലൈനിനെ അപേക്ഷിച്ച് ഭൂഗർഭ കേബിളിന് വൈദ്യുതി പ്രതിരോധശേഷി കുറവായതിനാൽ വൈദ്യുതി നഷ്ടം കുറയ്ക്കാൻ ഒരു പരിധിവരെ സാധിക്കും. കേബിളുകൾ ഭൂമിക്കടിയിലൂടെ വലിക്കുന്നതിനാൽ മരച്ചില്ലകൾ തട്ടിയുള്ള ഊർജ്ജ നഷ്ടവും ഒഴിവാക്കാനാകും.

കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി

21 (*51) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ചികിത്സാ ധനസഹായപദ്ധതിയിൽ കൂടുതൽ മാരക രോഗങ്ങൾ കൂടി ഉൾപ്പെടുത്തുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ചില രോഗങ്ങൾക്ക് ഭീമമായ തുക ചികിത്സയ്ക്ക് ആവശ്യമായി വരുന്നതിനാൽ ഈ പദ്ധതിയിൽ തുക വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ക്യാൻസർ, ഹൃദ്രോഗം, വൃക്ക രോഗം, തലച്ചോർ, കരൾ എന്നിവയുള്ള സർജറി ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ,

LIBRARY ARCHIVES Kerala Legislative Assembly